"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.WM1/328/2025/LSGD
തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01-10-2025

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - കമ്മ്യൂണിറ്റിലെവൽ വേസ്റ്റ് മാനേജ്മെന്റ് ഫെസിലിറ്റികളുടെ ഓപ്പറേഷൻ & മെയിന്റനൻസ് നടപ്പാക്കുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.07.2025-ലെ SM/1439/2025-C1 നമ്പർ കത്ത്.

**********************

കമ്മ്യൂണിറ്റി ലെവൽ വേസ്റ്റ് മാനേജ്മെന്റ് ഫെസിലിറ്റികളുടെ സർവ്വേ പൂർത്തിയായ 769 എണ്ണത്തിൽ 43% എണ്ണം വിവിധ പ്രശ്നങ്ങളാൽ പ്രവർത്തന രഹിതമാണെന്നും, തുമ്പൂർമൂഴി, വിൻഡ്രോ, ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയവയെ കേവലം നിർമ്മിതികൾ എന്ന നിലയിലാണ് പല തദ്ദേശ സ്ഥാപനങ്ങളും സമീപിക്കുന്നതെന്നും എന്നാൽ ഇവ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നതിന് ദൈനംദിന പരിപാലനം ആവശ്യമാണെന്നും അശാസ്ത്രീയമായ രീതിയിൽ ഇവ പ്രവർത്തിപ്പിക്കുന്നത് ഈ ആസ്തികൾ ഉപയോഗക്ഷമമല്ലാതായി തീരുന്നതിനും ഇടയാക്കുമെന്നും സൂചനയിലെ കത്ത് പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

(2) ഈ സാഹചര്യത്തിൽ, നിലവിൽ കേടായി കിടക്കുന്ന കമ്മ്യൂണിറ്റിതല മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തന ക്ഷമമാക്കുന്നതിന് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. കമ്മ്യൂണിറ്റി തല മാലിന്യ പരിപാലന സംവിധാനങ്ങളുടെ നിർമ്മാണ പ്രോജക്ടുകൾക്കൊപ്പം 5 മുതൽ 10 വർഷ കാലത്തേക്കുള്ള ദീർഘകാല പ്രവൃത്തി പരിപാലന കരാറോടുകൂടി മാത്രം പ്രോജക്ടുകൾ രൂപീകരിക്കേണ്ടതാണ്. ഇതിനു വേണ്ട

വ്യവസ്ഥകളിന്മേൽ കൃത്യമായി ശുചിത്വമിഷൻ തദ്ദേശസ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദ്ദേശവും നിർവഹണഉദ്യോഗസ്ഥർക്ക് പരിശീലനവും നൽകേണ്ടതാണ്.

ii. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ പ്രവൃത്തി പരിപാലന കരാർ വച്ചിട്ടില്ലാത്ത കമ്മ്യൂണിറ്റിതല സംവിധാനങ്ങൾക്ക് പ്രവൃത്തി പരിപാലനം ഉറപ്പാക്കുന്നതിലേയ്ക്ക് ഫണ്ട് കണ്ടെത്തി പ്രോജക്ട് രൂപീകരിക്കേണ്ടതാണ്.

iii. നിലവിലെ പ്ലാന്റുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനും പുതുതായി രൂപീകരിക്കുന്ന പ്ലാന്റുകളിലെ ഓപ്പറേഷൻ & മെയിന്റനൻസ് ഉറപ്പാക്കുന്നതിനും ടെണ്ടർ നടപടി മുഖാന്തിരം യോഗ്യരായ ഏജൻസികളെ കണ്ടെത്തി ചുമതലപ്പെടുത്തേണ്ടതാണ്. പ്രവർത്തനക്ഷമമല്ലാത്ത, എന്നാൽ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കാവുന്ന പ്ലാന്റുകൾ കൂടി കണ്ടെത്തി ഇപ്രകാരം ഓപ്പറേഷൻ & മെയിന്റനൻസ് ഉറപ്പാക്കേണ്ടതാണ്

അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യൂ.എം.പി.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസുകൾക്കും
എല്ലാ ജില്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർക്കും(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 01-10-2025 21:48:00
സെക്ഷൻ ഓഫീസർ